മാനസിക വൈകല്യമുള്ളവരും ഈ സ്ഥാപനത്തിലുണ്ട്. 50 അന്തേവാസികൾക്കാണ് ഈ സ്ഥാപനത്തിൽ പ്രവേശനം അനുവദിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ സ്ഥാപനത്തിൽ 50-പേരോളം ഉണ്ട്. സ്ഥാപനം പ്രവർത്തിച്ചുവരുന്ന കെട്ടിടത്തിൽ സ്ഥലസൗകര്യം വളരെ പരിമിതമാണെന്ന കാര്യം മന്ത്രി എന്നുള്ള നിലയിൽ ഞാനും സാമൂഹ്യക്ഷേമ വകുപ്പിന്റെ സെക്രട്ടറി ഡോ. ഉഷാ ടൈറ്റസും ഒന്നര വർഷം മുമ്പ് പോയി കാര്യങ്ങൾ മനസ്സിലാക്കിയതിനെത്തുടർന്ന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. ഇതിലെ അന്തേവാസികളായിട്ടുള്ള കുട്ടികൾക്ക് കൂടുതൽ ചികിൽസയും പരിചരണവും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുട്ടികളുടെ ഡോക്ടറും സൈക്യാട്രി ഡോക്ടറുമായ കോഴിക്കോട് പ്രവർത്തിക്കുന്ന ഇംഹാൻസിന്റെ ഡയറക്ടർ ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒന്നര വർഷമായി നിരന്തരമായി അവിടെ ചികിൽസയും പരിചരണവും ഒപ്പം രക്ഷാകർത്താക്കളെ വിളിച്ചുചേർത്തുകൊണ്ട് അവർക്കാവശ്യമായിട്ടുള്ള ചില ക്യാമ്പുകളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. പക്ഷെ അതിനിടയിൽ കഴിഞ്ഞ ദിവസം ഒരു ചാനലിൽ ഇതുസംബന്ധിച്ച് വിവരങ്ങൾ പ്രത്യക്ഷപ്പെട്ടു. യഥാർത്ഥത്തിൽ രണ്ടു കൊല്ലങ്ങൾക്കപ്പുറത്താണ് ഈ സ്ഥാപനം വന്നു കണ്ടിരുന്നതെങ്കിൽ ഇതിനേക്കാൾ എത്രയോ ദയനീയമായ ചിത്രമായിരുന്നു? ഇപ്പോൾ അവിടത്തെ അന്തേവാസികൾക്ക് യൂണിഫോമും ആവശ്യമായിട്ടുള്ള ഉപകരണവുമൊക്കെ കൊടുത്തു. സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ഭാഗമായി രണ്ടു പേർ മാത്രമുള്ള തസ്തിക പോരെന്നുകണ്ട് അഡീഷണലായിട്ട് കഴിഞ്ഞ ഒരു വർഷമായി ഏഴ് പേരാണ് അവിടെ ജോലി ചെയ്യുന്നതിനുവേണ്ടി നിയമിച്ചിട്ടുള്ളത്. മൂന്നു കോടി രൂപയുടെ ഒരു പുതിയ കെട്ടിടം ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി ടെൻഡറായി. ഏതാനും ദിവസങ്ങൾക്കുള്ളിൽ അതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തറക്കല്ലിടാൻ സാധിക്കും. അതിനുള്ള എല്ലാ നടപടികളും കഴിഞ്ഞ രണ്ടു കൊല്ലമായി സ്വീകരിച്ചുവരികയാണ്.

(13) സി. എച്ച്. സി.-യിലെ ജീവനക്കാരുടെ അപര്യാപ്തത

<u>ശ്രീ. എൻ. രാജൻ</u>: സർ, തിരുവനന്തപുരം ജില്ലയിലെ ആദ്യത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. 1994 വരെ എട്ടു ഡോക്ടർമാരുടെ സേവനം 24 മണിക്കൂറും ലഭിച്ചിരുന്നതാണ്. പിന്നെ ഡോക്ടർമാരുടെ എണ്ണം ആറായി ചുരുക്കി കാൽ ഡ്യൂട്ടി സർവ്വീസ് ലഭിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്. എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനം വന്നപ്പോൾ കുറേക്കൂടി കാര്യക്ഷമമായിട്ട് എട്ടു ഡോക്ടർമാരുടെ സേവനം കിട്ടി. ഇപ്പോൾ തൊട്ടടുത്ത ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ സംഭവിച്ചതുപോലെ കൂട്ട സ്ഥലംമാറ്റം വന്നപ്പോൾ വന്നത് രണ്ടു ഡോക്ടർമാരാണ്. ഏറ്റവും നല്ല ഗൈനോക്കോളജിയുടെ സർവ്വീസുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒരു ആശുപത്രിയായിരുന്നു അത്. ഇപ്പോൾ വെറും രണ്ടു ഡോക്ടർമാർ മാത്രമാണുള്ളത്. ദിവസവും എഴുന്നൂറോളം പേർ ചികിത്സയ്ക്കെത്തുന്ന ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് അത്. ഇപ്പോൾ രാവിലെ മുതൽ ഒരു മണിവരെയാണ് ഒ.പി.യുള്ളത്. പത്തറുന്നൂറ് രോഗികൾ അവിടെ ദിവസവും വരുമ്പോൾ അവിടെയുള്ള സ്ഥിരം ഡോക്ടർമാരും വരുന്ന രോഗികളുമായി വലിയ തർക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവിടെ ആവശ്യമുള്ള ഡോക്ടർമാരെ നിയമിക്കണം. അവിടെ മിക്കവാറും എല്ലാ സൗകര്യങ്ങളും ഉണ്ട്. എക്സ്റേ സൗകര്യമുണ്ട്. ആമ്പുലൻസ് സർവ്വീസുണ്ട്. 108-ാം നമ്പർ ആമ്പുലൻസ് സർവ്വീസ് ഉണ്ട്. മോർച്ചറി സർവ്വീസ് വരാൻ പോകുന്നു. ഇങ്ങനെ വളരെ നന്നായിട്ട് പോകുന്ന ഈ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിച്ച് ഫസ്റ്റ് റെഫറൽ ആശുപത്രിയാക്കി ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, കേശവപുരം സി.എച്ച്.സി. യിൽ രണ്ട് സിവിൽ സർജൻമാരുടേയും നാല് അസിസ്റ്റന്റ് സർജൻമാരുടേയും ഉൾപ്പെടെ ആറ് ഡോക്ടർമാരുടെ തസ്തികകളാണുള്ളത്. പക്ഷെ കഴിഞ്ഞ രണ്ടുവർഷമായി ഇവിടെ ഈ ആറ് ഡോക്ടർമാരും അഡീഷണലായി രണ്ടു ഡോക്ടർമാരും ഉൾപ്പെടെ 8 ഡോക്ടർമാരുടെ സേവനം കൊടുത്തുകൊണ്ടിരിക്കുന്നതിനിടയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ചില സ്പെഷ്യലിസ്റ്റ് ഡോക്ടേഴ്സ് അവിടെനിന്ന് സ്ഥലംമാറിപ്പോയിട്ടുണ്ട്. അതിന് പകരം പോസ്റ്റ് ചെയ്ത ആളുകൾ ജോയിൻ ചെയ്യാത്ത സന്ദർഭത്തിൽ അവിടെ കൂടുതൽ ഡോക്ടേഴ്സിനേയും മൂന്ന് ഹൗസ് സർജൻസി കഴിഞ്ഞിട്ടുള്ളവരേയും തുടർച്ചയായി പോസ്റ്റ് ചെയ്തിട്ടുണ്ട്. ബാക്കി എല്ലാ സ്റ്റാഫും കേശവപുരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ജോലി ചെയ്യുന്നുണ്ട്. സർവ്വീസിലുള്ള ഡോക്ടേഴ്സിനെ കിട്ടുന്നില്ല എന്നുമാത്രമേയുള്ളൂ. ബാക്കി എല്ലാ ഡോക്ടേഴ്സും അവിടെ വർക്ക് ചെയ്യുന്നുണ്ട്.

(14) താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

ശ്രീ. എ. എം. യൂസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട നല്ല വരുമാനമുള്ള രണ്ടു നഗരസഭകളാണ് കളമശ്ശേരിയും ആലുവയും. ഈ രണ്ടു നഗരസഭകളിലും ശുചീകരണ പ്രവർത്തനം, ഡ്രൈവർമാർ തുടങ്ങി പല വിഭാഗങ്ങളിലും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തോളമായി താൽക്കാലിക ജീവനക്കാരെ വച്ചിരിക്കുകയാണ്. ആ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനുള്ള വരുമാനം ഈ രണ്ടു നഗരസഭകൾക്കുമുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ കണ്ടിജൻസി

LIBRARY ARCHIVES Kerala Legislative Assembly